# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

2 മെയ് 2021 വാല്യം 53 ലക്കം 5 വില ₹ 25



എൻ.വി. കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

ആക്സിസിബിൾ പബ്ലിഷിങ് രംഗത്തെ മാറ്റങ്ങൾ
ഡോ. വിമൽ കുമാർ വി.
ഡോ. ധന്യ പി. 11

കാലാവസ്ഥാവ്യതിയാനവും ഉത്തരധ്രുവത്തിലെ ഭൗമരാഷ്ട്രീയവും
ഡോ. ബിജു തോമസ് 06



ചരിത്രസിനിമകൾ: നിർവചനങ്ങൾക്കുള്ളിലെ വിശാലത
ഡോ. സി.പി. രതീഷ് കുമാർ 23

കരുനാഗപ്പള്ളിയും കാർത്തികപ്പള്ളിയും
ഡോ. എം.ജി. ശശിഭൂഷൺ 31

പിതൃ അധികാരം ഭരതന്റെ പെണ്ണുടലുകൾ കാമനകളും ആസക്തികളും
ഡോ. മുഹമ്മദ് റാഫി എൻ.വി. 17



ചെറുകഥയിലെ ശ്രീനാരായണഗുരു
ഡോ. ഇ. ബാനർജി 63

ചോലനായ്ക്കരുടെ പക്ഷിസങ്കല്പവും അനുകരണനിഷ്പന്ന പ്രതീകാത്മകതയും: ചില ഭാഷാപരിണാമചിന്തകൾ
ഡോ. ലിജിഷ എ.ടി. 39

കുറ്റാന്വേഷണ ഭാഷാശാസ്ത്രത്തിന്റെ ഭാഷ
ഡോ. ബനീഷ്. എൻ 70

പദസങ്കേതനം ഭാഷണകോർപ്പസിൽ: ഒരു പഠനം
ഡോ. സജില എസ് 74

ചരിത്രത്തിൽ വീണ്ടെടുക്കേണ്ട പാഠങ്ങൾ
ഡോ. എം. വിജയൻ പിള്ള 47

ചരിത്രമാകുന്ന നന്നങ്ങാടികളും നടുകല്ലുകളും
ഡോ. ദീപു പി. കുറുപ്പ് 53



സാംസ്കാരിക പ്രതിഷ്ഠാപനം ഹരിതമോഹനത്തിൽ
ധന്യ ശിവൻ 78

അതിജീവനവും അന്നചരിത്രവും കേരളസംസ്കാരപഠനം
ഡോ. രഞ്ജിത്ത് സി.കെ. 58

പുസ്തകപരിചയം 82

ചീഫ് എഡിറ്റർ
പ്രൊഫ. വി. കാർത്തികേയൻ നായർ
എഡിറ്റർ
ജി.ബി. ഹരീന്ദ്രനാഥ്
സബ് എഡിറ്റർ
അശ്വിൻ കൃഷ്ണ ആർ.

പത്രാധിപസമിതി
ഡോ. ഷിബു ശ്രീധർ, എൻ. ജയകൃഷ്ണൻ, കെ.ആർ. സരിതകുമാരി
ഡോ. റ്റി. ഗംഗ, റാഫി പൂക്കോം, ശ്രീകല ചിങ്ങോലി, ഡോ. കെ. ജയപാലൻ
വിദ്യ എസ്, ദീപ്തി കെ.ആർ., ഡോ. അപർണ്ണ എസ്. കുമാർ
ബിന്ദു എ., നിതിൻ ചന്ദ്രൻ സി. എസ്., അനുപമ ജെ.
സർക്കുലേഷൻ മാനേജർ
എൻ.ഐ. അനിൽകുമാർ, 9447782258

ടൈപ്പ് സെറ്റ് & ലേ-ഔട്ട്
പ്രിന്റ്ഫോഴ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14
കവർ ഡിസൈൻ
നാരായണ ഭട്ടതിരി
ബുക്ക് പ്രൊമോട്ടർ
മന്ത്രകോട് ഗോപാലകൃഷ്ണൻ, 9497755727

വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്തം ലേഖകർക്കായിരിക്കും.
അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല - എഡിറ്റർ

ചീഫ് എഡിറ്റർ 0471 2316306
എഡിറ്റർ 8547071869
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
വിലാസം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം 695 003
പ്രാദേശിക കേന്ദ്രം, കോഴിക്കോട് 0495 2366124

www.keralabhashainstitute.org



ഭരതൻ

# പിതൃ അധികാരം ഭരതന്റെ പെണ്ണുടലുകൾ കാമനകളും ആസക്തികളും

ഡോ. മുഹമ്മദ് റാഫി എൻ.വി.

സംവിധായകനായ ഭരതന്റെ സ്ത്രീയെ സംബന്ധിച്ച സൗന്ദര്യാത്മക ധാരണകളും രതിമൂർത്തികളുടെ പരികൽപ്പനകളും സാമാന്യമായി ചർച്ചപ്പെടുത്താനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. തന്റെ സിനിമകളിൽ പെണ്ണുടലിന്റെ കാമനകളും ആന്തരിക മോഹങ്ങളും രതിയുടെ ഉണർവും തളർച്ചയും പ്രതികാരവും ആസക്തിയും നിരാസക്തിയും നിരാശയും തിരശ്ശീലാ ഭാവനകളിൽ കൂടി ഭരതൻ സാക്ഷാത്കരിച്ചു. പെണ്ണിന്റെ ഉള്ളുണരുന്നതും ഉടലുണരുന്നതും പ്രേക്ഷകന് കണ്ടറിയാവുന്ന വിധം അത്രയ്ക്ക് സൂക്ഷ്മമായും ചൈതന്യവത്തായും ഫ്രെയിമുകളിൽ നിറഞ്ഞു. പ്രേക്ഷകന് രതിയുടെയും മൂർത്തിയുടെയും ഗന്ധം കിട്ടി. ഉടലഴകും മിഴിയഴകും മുലക്കച്ചകൊണ്ട് പൊതിഞ്ഞ മാറിടത്തിന്റെ മൃദുലതയും അരക്കെട്ടിലെ വന്യതയും നിതംബതാളവും എല്ലാം ചേർന്ന പെണ്ണിന്റെ ഉടൽ ചിത്രീകരിക്കുമ്പോൾ ഭരതൻ ക്യാമറ കൊണ്ട് കാവ്യം രചിച്ചു. എന്നാൽ അത് മാത്രമായിരുന്നില്ല, ആ ഫ്രെയിമുകൾ. ഉടൽ മാത്രമുള്ള പെണ്ണുങ്ങളായിരുന്നില്ല രതിച്ചേച്ചിയും സൗദാമിനിയും വൈശാലിയുമൊന്നും. സവിശേഷവും ആകർഷണീയവും അനുഭൂതിപരവുമായ വ്യക്തിവൈശിഷ്ട്യവും ചങ്കുറപ്പും കൈയ്യുള്ളവരായിരുന്ന ആ പെണ്ണുങ്ങൾ മിക്കവരും!

ഭരതൻ, പത്മരാജൻ എന്ന വൃത്തത്തിൽ നിന്ന് തന്നെയാണ് ഭരതന്റെ ആദ്യ സിനിമ (പ്രയാണം) പിറവിയെടുത്തത്. വൃദ്ധന്റെ ഭാര്യയായ യൗവനയുക്തയുടെ കാമനകളുമായാണ് അത് ആരംഭിച്ചതു തന്നെ. പെണ്ണിന്റെ നിറയൗവനത്തിനു പൂജാരിയായ വാർദ്ധക്യം വിധിച്ച കേരളീയ സാമ്പ്രദായിക ഫ്യൂഡൽ സംബന്ധ കുടുംബജീവിതം പ്രതിഷ്ഠാനങ്ങളെ നിർത്തിക്കൊണ്ടാണ് അത് തിരശ്ശീലാ ഭാവനയിൽ വിരിഞ്ഞത്. കാമനകൾ ഉള്ള പെണ്ണ്, കാമനകളും ആകർ

> ഉടൽ മാത്രമുള്ള പെണ്ണുങ്ങളായിരുന്നില്ല രതിച്ചേച്ചിയും സൗദാമിനിയും വൈശാലിയുമൊന്നും. സവിശേഷവും ആകർഷണീയവും അനുഭൂതിപരവുമായ വ്യക്തി വൈശിഷ്ട്യവും ചങ്കുറപ്പും കൈയ്യുള്ളവരായിരുന്ന ആ പെണ്ണുങ്ങൾ മിക്കവരും!



പ്രയാണത്തിൽ ലക്ഷ്മി

ഷണിയതയും ഉള്ള പുരുഷൻ, നിരാസക്തനും കാമനകൾ ഇല്ലാത്തവനുമായ പുരുഷൻ - ഇങ്ങനെ മൂന്ന് മനുഷ്യാവസ്ഥകളാണ് പ്രയാണത്തിൽ നമ്മൾ കണ്ടത്. സാമൂഹിക സ്ഥാപനങ്ങൾ നിറയൗവനവും കാമനകളും കാല്പനികതയും നിറഞ്ഞ പെണ്ണുടലിനും മനസ്സിനും ഇതൊന്നും ഇല്ലാത്ത പുരുഷാവസ്ഥയെ വിധിക്കുന്നു. അവൾ ആഗ്രഹിക്കുന്ന സ്വപ്നം കാണുന്ന ആണുടലിനെ ഇണയെന്ന കാല്പനികതയെ സിനിമ പകരം വയ്ക്കുന്നു. അയാൾ അവൾക്ക് സംഗീതമാണ് [ചുണ്ടു കൊണ്ട് നിശ്വാസമെടുത്തു മീട്ടുന്ന ഒരു പ്രത്യേക തരം കളിപ്പാട്ടം പോലുള്ള ഹാർമോണിയമുണ്ട് അയാളുടെ കയ്യിൽ]. അയാൾ എവിടെ നിന്നോ അവളിലേക്ക് ഒഴുകി വന്ന ഒരു കവിത പോലെ കൊല്ലുന്നനെയുള്ള കാല്പനികതയാണ് ചിലപ്പോഴൊക്കെ! നിരാസക്തനും നിർവികാരനും ഒട്ടൊക്കെ പരുക്കനും അകാല്പനികനും ആത്മീയതയെ പുൽകിയവനും പെണ്ണുടലിനെ ആണുടൽ കൊണ്ട് ഉർവരവും ഊഷരവും ഒക്കെ

തകരയിലെ ഒരു രംഗം



ആകാൻ ശേഷി നഷ്ടപ്പെട്ടവനും കൈയായ വാർധക്യാവസ്ഥയ്ക്ക് പകരം പത്മരാജനും ഭരതനും ചേർന്ന് തങ്ങളുടെ സിനിമകളിൽ വിൽക്കാൻ വച്ച [illegible] ജീവിതത്തിലെ യൗവനാവസ്ഥയായിരുന്നു പ്രയാണം, തുടങ്ങുകയായിരുന്നു. 1975 ലാണ് ഭരതന്റെ ആദ്യചിത്രമായ 'പ്രയാണം' പുറത്തുവരുന്നത്. പത്മരാജന്റെ തിരക്കഥയിലെടുത്ത ഈ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം ഇതിവൃത്തം കൊണ്ടും അവതരണത്തിലെ മികവുകൊണ്ടും ശ്രദ്ധിക്കപ്പെട്ടു. വൃദ്ധനായ നമ്പൂതിരിയെ വിവാഹം കഴിക്കേണ്ടിവന്ന യുവതിക്ക് മറ്റൊരു പുരുഷനുമായുള്ള പ്രണയബന്ധമാണ് ചിത്രത്തിന്റെ കഥാപരിസരം. ബ്രാഹ്മണസമുദായത്തിലെ അനാചാരങ്ങളെയും യാഥാസ്ഥിതിക സങ്കല്പങ്ങളെയും ലംഘിക്കുന്നതായി ചിത്രം. ലക്ഷ്മിയും മോഹനുമാണ് നായികാനായകന്മാരായി അഭിനയിച്ചത്. കപടസദാചാരത്തിന്റെ മുഖംമൂടി വലിച്ചുമാറ്റിയ ചിത്രം സദാചാരസംബന്ധമായ ചർച്ചകൾക്ക തന്നെ വഴിവച്ചു. സൗന്ദര്യാത്മകമായ ഒരു അവതരണരീതി ഈ ചിത്രം പരിചയപ്പെടുത്തി. ഭരതൻ ചിത്രങ്ങളിലെല്ലാം കാണുന്ന രതി ആദ്യചിത്രമായ പ്രയാണത്തിൽ തന്നെ തുടങ്ങുന്നുണ്ട്. പ്രണയവും രതിയും തമ്മിലുള്ള ഭേദിക്കാനാവാത്ത ബന്ധമാണ് ചിത്രം പ്രേക്ഷകർക്ക് മുന്നിൽ വച്ചത്. ഭരതന്റെ പിന്നീടുള്ള എല്ലാ ചിത്രങ്ങളിലും പ്രണയവും രതിയും തമ്മിലുള്ള ഈ ബന്ധം കാണാം.

തകര എന്ന ചലച്ചിത്രത്തിലെ സൗദാമിനി, മലയാള സിനിമയിൽ തന്നെ മുൻപരിചയമില്ലാത്ത ഒരു പെൺ കഥാപാത്രമായിരുന്നു. പത്മരാജൻ വാക്കുകൾ കൊണ്ട് വരച്ചിട്ട അത്രയ്ക്ക് മിഴിവാർന്ന ചിത്രം ഭരതൻ തന്റെ അനന്യമായ ക്യാമറക്കണ്ണിലൂടെ കണ്ടതിന്റെ ബാക്കിപത്രമായി അത് മാറി. അനാഥനും പൂർണ മാനസിക വളർച്ച എത്താത്തവനുമായ തകര എന്ന പുരുഷൻ ഒരുപക്ഷേ, സിനിമയിൽ മാത്രമുള്ള ഒരു കഥാപാത്രമായിരുന്നില്ല എന്നതുകൊണ്ടു കൂടിയാണ് അത്രയ്ക്ക് അത് വസ്തുതയോടും ജീവിത കാമനകളോടും അടുത്ത് നിൽക്കുന്നത് എന്ന് തോന്നുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സുഭാഷിണിയും ചെല്ലപ്പനാശാരിയും തകരയും മാത്തുമൂപ്പനുമെല്ലാം പലവിധ ജീവിതാവസ്ഥകൾ കൂടിയാണ്. ചെല്ലപ്പനാശാരി കേരളത്തിലെ മിക്ക നാട്ടിൻപുറത്തും ഉണ്ടായിരുന്ന ഒരു വ്യക്തിയുടെ പരിച്ഛേദമാണോ എന്ന് ആരും സന്ദേഹിച്ചുപോകും. തകര സുഭാഷിണിയുമായി ഇണചേരുന്നത് ചെല്ലപ്പനാശാരിയുടെ പ്രേരണ കൊണ്ട് മാത്രമല്ല അവളുടെ കൂടി ഇംഗിതത്തിനും താല്പര്യത്തിനും അനുസരിച്ചുള്ള ബന്ധമായിരുന്നു അത്. ഇതറിഞ്ഞ സുഭാഷിണിയുടെ അപ്പൻ മാത്തുമൂപ്പൻ തകരയെ മർദിച്ച ബോധംകെടുത്തുന്നു. വൈരാഗ്യം മൂത്ത തകര അവിടെനിന്ന് ഓടിപ്പോകുകയും കുറച്ചു കാശുണ്ടാക്കി ഒരു കത്തി വാങ്ങുകയും ചെയ്യുന്നു. ഗ്രാമത്തിൽ തിരിച്ചെത്തുന്ന തകര മൂപ്പനെ കൊല്ലുന്നു. തന്റെ അച്ഛനെ കൊന്ന തകരയുടെ വിവാഹാഭ്യർഥന സുഭാഷിണി നിരസിക്കുന്നു. രക്ഷപ്പെടാൻ ഒരു മാർ



കരയ്ക്ക് സുഭാഷിണി ജീവിതത്തിന്റെ മൂർധന്യമായ രതി അല്ലെങ്കിൽ ജീവിതം തന്നെയായ രതി നൽകുന്നു. ആ ഉത്ത്യോന്മാദം എന്ന ആനന്ദമൂർധന്യത ലഭ്യമായ തകര അത് സ്വന്തമാക്കാൻ തന്നെത്തന്നെ മറന്ന് ശ്രമിക്കുന്നു.

രതിനിർവേദം

ഗത്യമില്ലാതെ ഒരു ട്രെയിനിനു മുന്നിൽ ചാടി തകര ആത്മഹത്യ ചെയ്യുന്നു. തകരയ്ക്ക് സുഭാഷിണി ജീവിതത്തിന്റെ മൂർധന്യമായ രതി അല്ലെങ്കിൽ ജീവിതം തന്നെയായ രതി നൽകുന്നു. ആ ഉത്ത്യോന്മാദം എന്ന ആനന്ദമൂർധന്യത ലഭ്യമായ തകര അത് സ്വന്തമാക്കാൻ തന്നെത്തന്നെ മറന്ന് ശ്രമിക്കുന്നു. അയാൾക്ക് ജീവിക്കണം. അതിന് സുഭാഷിണിയുടെ അരക്കെട്ടിലുള്ള രതി ലഭ്യമാവണം. തന്റെ അച്ഛൻ / പിതൃത്വം ഇല്ലാതാവുന്നതോടെ അതിനു കാരണക്കാരനായ തകരയ്ക്ക് സുഭാഷിണി രതി നിഷേധിക്കുന്നു. രതി നിഷേധിക്കപ്പെട്ട തകര മൃതിയെ പുൽകുന്നു. ആണ് പെണ്ണുമായി സൂക്ഷിക്കുന്ന പലവിധമായ അധികാര അവകാശങ്ങളുടെ പേരിൽ പുളയാൻ സാധിക്കാതെ പോയ പെണ്ണുടലും കാമനയും സവിശേഷമായ വ്യക്തി വൈശിഷ്ട്യവും ഒക്കെയാണ് സുഭാഷിണി. രതിയും മൃതിയും കാമനകളും പിതൃ അധികാരവും സാമ്പ്രദായിക പൗരുഷ ധാരണകളും എല്ലാം മുക്കിയ ചായക്കോപ്പയിൽ നിന്നാണ് പത്മരാജനും ഭരതനും തകരയുടെ തിരശ്ശീലയിൽ കവിത എഴുതിയത്.

ഭരതന്റെ മറ്റൊരു സിനിമയായ രതിനിർവേദം എഴുതിയതും പത്മരാജനായിരുന്നു.

"മുമ്പെന്നോ യാത്ര പറഞ്ഞു പോയ നിലാവിനെയും സ്വപ്നം കണ്ടു നിൽക്കുന്ന വിമൂകമായ ബ്ലാവു മരത്തിന്റെ നിഴലിൽ രണ്ട് ഇണയാടി വള്ളികളെപ്പോലെ ഞങ്ങൾ കിടന്നു.

പാലപ്പൂക്കൾ അപാരതയിൽ നിന്ന് യാത്രയാരംഭിച്ച തീർഥാടകരെപ്പോലെ പറന്നു വന്ന് അവരുടെ അഴിഞ്ഞുലഞ്ഞ മുടിക്കുള്ളിൽ വിശ്രമം തേടി."

('രതിനിർവേദം')

തണുത്ത രാത്രിയിൽ കടപിടിക്കുന്ന ബ്ലാവു മരത്തിന്റെ ചോട്ടിൽ, കാപ്പിൽപ്പടർപ്പുകളും കിഴങ്ങുവള്ളികളും ചേർന്ന് കെട്ടിത്തന്നിരിക്കുന്ന വള്ളിക്കുടിലിന്റെ ഉള്ളിലെ നിബിഡാന്ധകാരത്തിൽ എല്ലാം മറന്ന് ആകാശക്കോണിൽ വിറച്ചു വിറച്ചു നിൽക്കുന്ന നക്ഷത്രക്കിടാങ്ങളെയും അദൃശ്യ പാദങ്ങൾ ഇഴച്ച് കടന്നു പോകുന്ന ജലമേഘങ്ങളെയും നോക്കി ഒരു മനോഹരിയുടെ കൈത്തലത്തിലമർന്ന് കിടക്കുമ്പോൾ മറ്റെന്തിനെക്കുറിച്ചെങ്കിലും ഓർക്കാനോ സംസാരിക്കാനോ ഞാൻ അശക്തനായിരുന്നു.

[രതിനിർവേദം]

"വശ്യം പല തരമുണ്ട്.

കൊച്ചുമിണി ആ നിഗൂഢ ലോകത്തിലേക്ക് എന്നെയും വിളിച്ചു കൊണ്ടു നൂണു കയറിപ്പോയി.

ആൺവള്ളിയും പെൺവള്ളിയും കൂട്ടിപ്പിണഞ്ഞേ അത് വളരൂ. പരസ്പര പ്രേമത്തിന്റെയും അടങ്ങാത്ത ആവേശത്തിന്റെയും ഒരസാധാരണ പ്രതീകം. ഇണയാടിവള്ളികളുടെ വടക്കോട്ട് പോകുന്ന വേരെടുത്ത്, അതിന്മേൽ മന്ത്രവാദിയെക്കൊണ്ട്, ഒരു പ്രത്യേക മന്ത്രം ചെയ്യിക്കുക. എന്നിട്ട് വശീകരിക്കാൻ ആഗ്രഹിക്കുന്ന പെണ്ണ് നടന്നു പോകുന്ന വഴിയിൽ അത് കുഴിച്ചിടുക. ആ വേര് മറഞ്ഞു കിടക്കുന്ന ഭൂമിയിലൂടെ ഒരിക്കൽ നടന്നു കഴിയുന്നതോടെ പെൺകുട്ടി നിങ്ങളിൽ അനുരക്തയാകും."

(രതിനിർവേദം)

അവർക്ക് എന്നോട് വെറുപ്പുണ്ടാകുമോ?



പത്മരാജൻ

അറിയാതെ ചോദിച്ചു പോയി : "എന്നെ ഇഷ്ടമാണോ?"

———

അവളുടെ കണ്ണുകൾ പെട്ടെന്ന് നിറഞ്ഞു. എന്തോ പറയാൻ വേണ്ടി ചുണ്ടുകൾ വിടർന്നുവിറച്ചു 'എന്റെ ദൈവമാണ്' അവൾ പറഞ്ഞു.

(രതിനിർവേദം - പത്മരാജൻ)

ഒരേ സമയം ആനന്ദസാഫല്യവും ആത്മനാശവുമാഗ്രഹിക്കുന്ന അസാമാന്യ മാനസികഭാവമാണ് മോഹം; ദേഹം അതിന്റെ തീവ്രസ്ഥായിയിൽ പാടുന്ന മാസ്മരഗാനം; ശരീരത്തിന് ആത്മാവിനെ അത്യപൂർവമായി മാത്രം പ്രാപിക്കാൻ കഴിയുന്ന വിശുദ്ധനിമിഷങ്ങൾ; ജലം ജലത്തിലലിയുന്നതുപോലെയുള്ള സമാഗമങ്ങൾ. ബോധത്തിന്റെ, യുക്തിയുടെ എല്ലാ വിമതസ്വരങ്ങളെയും അത് നിശ്ചലമാക്കുന്നു; മൃതിയിലൂടെയുള്ള മോക്ഷം കാംക്ഷിക്കുന്നു. ദൈവവും, പിശാചും ഒരേ അനുപാതത്തിൽ ലയിച്ചുചേർന്ന വികാരവൈവിധ്യമാണ് മോഹം.

[രതിനിർവേദം.]

മൗനം തളരും തണലിൽ
നീളും നിഴലിൻ വഴിയിൽ
കാറ്റ് വീശി.
ഇല കൊഴിഞ്ഞു...
കാത്തിരിപ്പിന്റെ വീർപ്പുലഞ്ഞു...

രതിയും മൃതിയും ഇണചേരുന്ന കാൽപ്പനികതയുടെ അലകാവ്യമാണ് ഭരതനും പത്മരാജനും ചേർന്നൊരുക്കിയ രതിനിർവേദം. മുകളിൽ എടുത്തു ചേർത്തത് പത്മരാജന്റെ എഴുത്താണെങ്കിൽ ഭരതൻ എഴുത്തിലെ പ്രണയകാമനകളും രത്യുന്മാദത്തിലെ ജ്വാലാകലാപവും തന്റെ ഛായക്കൂട്ടുകൾ ഉപയോഗിച്ച് നിറച്ചാർത്തു വിതറി തിരശ്ശീലയിൽ വിരിയിച്ച അനുഭൂതി കാവ്യത്തിന്റെ ഇമേജറി മലയാളസിനിമയിലെ തന്നെ അപൂർവതയായി മാറി. ആൺകുട്ടി കൗമാരവും പെണ്ണിന്റെ നിറയൗവനവും തമ്മിലുള്ള ഇണചേരലും ഫലപ്രാപ്തിയെന്നോണം പെണ്ണിന് ലഭ്യമായ മൃതിയുമാണ് രതിനിർവേദം. സാമൂഹിക അവബോധത്തിലുള്ള പാട്രിയാർക്കിയെ തൃപ്തിപ്പെടുത്തുന്ന സിനിമയായും വിവാഹേതര രതിമോഹങ്ങളെ അഭിമുഖീകരിച്ച സിനിമയായും ഇത് വായിച്ചെടുക്കാൻ പ്രയാസമില്ല. രതിയുടെ സാഫല്യവും ആനന്ദവും ആണും പെണ്ണും പങ്കുവയ്ക്കുകയും ശിക്ഷ പെണ്ണിന് വിധിക്കുകയും ചെയ്യുന്ന എന്ന അർഥത്തിലാണ് നിലവിലെ പിതൃഅധികാര ബന്ധങ്ങളെ തൃപ്തിപ്പെടുത്തുന്ന ആഖ്യാനമായി ഇത് വായിച്ചെടുക്കാൻ സാധിക്കുന്നത്. വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദാമിന്റെയും ഹവ്വയുടെയും സെമിറ്റിക് മിത്തിനെ ഓർമപ്പെടുത്തുന്ന രതിയുടെ വേദമാണ് ഈ സിനിമ. കനി ഭക്ഷിച്ചതിന് സ്വർഗത്തിൽ നിന്ന് പുറത്തായത് ആദാമും ഹവ്വയുമാണെങ്കിൽ സിനിമയിലെ അനുഭൂതി ജീവിതത്തിൽ നിന്ന് ഹവ്വ മാത്രം മൃതിയുടെ രൂപത്തിൽ പുറത്താവുകയും ആദം ബാക്കിയാവുകയും ചെയ്യുന്നു. ഉടമ്പടി/ വിവാഹ രഹിത ലൈംഗികതയുടെ ശിക്ഷ പെണ്ണിന് മാത്രം വിധിക്കുന്നു എന്ന് ചുരുക്കം. പിതൃ അധികാര ബന്ധിതമായ കുടുംബസദാചാര സംഹിതകളെ അനുകൽപ്പനം ചെയ്തുണ്ടാക്കിയത് എന്ന് തോന്നുന്ന വിധം, പെണ്ണിനെ അവളുടെ കാമനകളെ സ്ഥാപനത്തിന് പുറത്ത് വെളിപ്പെടുത്തുന്നതിൽ നിന്ന് വിലക്കാനുള്ള അബോധ പാഠമാണ് സിനിമയിൽ രതിയുടെ ശിക്ഷ എന്നോണം കടന്നു വരുന്ന പാമ്പും മരണവും എന്നത് അതിവായനയാവാൻ തരമില്ല. രതിയുടെയും മൃതിയുടെയും കാമനകളുടെയും സൗഗന്ധിക പുഷ്പങ്ങൾ വാരി വിതറിയ തിരശ്ശീലയും എഴുത്തുമാണ് ഭരതനും പത്മരാജനും സമ്മാനിച്ചത് എന്നത് കൊണ്ട് അത് തിരിച്ചറിയാൻ പ്രയാസമാണ് എന്നും പറഞ്ഞുവയ്ക്കണം.

ഗാനരചയിതാവും ചിത്രകാരനുമെല്ലാമായ ഭരതൻ സൗന്ദര്യത്തിന്റെ ആന്തരിക വന്യത മലയാള സിനിമയിൽ കോറിയിട്ടാണ് കടന്നുപോയത്. സ്ത്രീ സൗന്ദര്യത്തിന്റെ ഉടലിൽ നിന്ന് ചായക്കൂട്ടുകൾ തൊട്ടാണ് ഭരതൻ തന്റെ സിനിമ വരച്ചത്. കാമനകളുടെ ഭൂപടത്തിൽ രതിയുടെ ഉന്മാദം എഴുതുകയായിരുന്നു ആ അനുഭൂതി ജീവിത തിരശ്ശീലകൾക്ക് നിർവഹിക്കാനുള്ള വലിയ ദൗത്യം. അംഗരാജ്യത്ത് മഴ പെയ്യിക്കാൻ സ്ത്രീഗന്ധമേൽക്കാത്ത മുനികുമാരനെ കൊണ്ടുവരാൻ പോകുന്ന മകൾക്ക് വശീകരണവിധികൾ അമ്മ പറഞ്ഞുകൊടുത്തു. മാനിനെപ്പോലെ കാൽമുട്ടുകളും കൈമുട്ടുകളും ഊന്നി മുഖം താഴ്ത്തി വെള്ളം കുടിച്ച് നിവർന്നപ്പോൾ ഋശ്യശൃംഗൻ വെള്ളത്തിൽ തെളിഞ്ഞ വൈശാലിയുടെ അവ്യക്തമായ രൂപം കണ്ട് അദ്ഭുതത്തോടെ നോക്കി.

വൈശാലി പ്രകൃതിദത്തമായ അതിർത്തി കടന്ന് ഋശ്യശൃംഗന്റെ സമീപമെത്തി. അടുത്തുവന്ന വൈശാലി ഋശ്യശൃംഗന്റെ തോളിൽ കൈവെച്ചപ്പോൾ ഋശ്യശൃംഗന്റെ ശരീരം വിറകൊണ്ടു. സ്ത്രീയുടെ ഗന്ധം അനുഭവപ്പെട്ട അവന്റെ നാസാദ്വാരങ്ങൾ വിടർന്നു. അവന്റെ ചുമലിൽ വച്ച കൈകൾ വൈശാലി പതുക്കെ പിന്നിലേക്ക് താഴ്ത്തി, ഭയമുണ്ടെങ്കിലും അതു പുറത്തു കാട്ടാതെ മന്ദഹസിച്ച് അവനെ മൃദുവായി ആശ്ലേഷിച്ചു.

അവൾ അയാളുടെ കൈപിടിച്ച് നടത്തി. തന്റെ കൈ ഗ്രഹിച്ച വെളുത്ത വിരലുകളെ ഋശ്യശൃംഗൻ ശ്രദ്ധിച്ചു. പൊന്തക്കാടുകൾക്കിടയിലെ ഒഴിഞ്ഞ പുൽത്തകിടിയിൽ വച്ച് വൈശാലി കഴുത്തിലെ പൂമാലയെടുത്ത് ഋശ്യശൃംഗനെ അണിയിച്ചു. ആ മാല ഋശ്യശൃംഗൻ വാസനിച്ചു. മുത്തുമാലയുടെ ഇഴകൾ മറച്ച അവളുടെ മാറിടം അവൻ ശ്രദ്ധിച്ചു.

മറഞ്ഞുനിന്ന് ഇവരെ ശ്രദ്ധിക്കുകയായിരുന്ന തോഴിമാരിലൊരാൾ ഒരു പന്തെറിഞ്ഞുകൊടുത്തു. വിണ്ണുയർന്ന പന്തുപിടിച്ചെടുത്തു വൈശാലി നൃത്തരൂപത്തിൽനിന്ന് പന്തു തട്ടിയെടുത്ത് അടിച്ചുനോക്കി. അതു വീണ്ടും തട്ടിയെടുത്തുകളിച്ച് അവർ അകലേക്ക് നീങ്ങി. ഒരു ഘട്ടത്തിൽ പന്തിനുവേണ്ടി രണ്ടുപേരും പിടിവലി നടത്തി വീഴുന്നു. അവന്റെ ശരീരത്തിൽ

സ്ത്രീസൗന്ദര്യത്തിന്റെ ഉടലിൽ നിന്ന് ചായക്കൂട്ടുകൾ തൊട്ടാണ് ഭരതൻ തന്റെ സിനിമ വരച്ചത്. കാമനകളുടെ ഭൂപടത്തിൽ രതിയുടെ ഉന്മാദം എഴുതുകയായിരുന്നു ആ അനുഭൂതി ജീവിത തിരശ്ശീലകൾക്ക് നിർവഹിക്കാനുള്ള വലിയ ദൗത്യം.



വൈശാലിയിലെ ഒരു രംഗം

പറ്റിച്ചേർന്ന് ഏതാനും നിമിഷം കിടന്നശേഷമാണ് വൈശാലി ഋശ്യശൃംഗനെ സ്വതന്ത്രനാക്കിയത്. എഴുന്നേറ്റ ഋശ്യശൃംഗന്റെ മുഖത്ത് വിയർപ്പ് പൊടിഞ്ഞു. കണ്ണുകൾ തിളങ്ങി. ശ്വാസത്തിന് വേഗം കൂടി. അസ്വാസ്ഥ്യത്തോടെ അവൻ അവളിൽനിന്ന് മുഖംതിരിച്ചു നോക്കിയപ്പോൾ വൃക്ഷങ്ങൾക്കിടയിൽ സൂര്യൻ അസ്തമിക്കാനടുത്തിരുന്നു. തന്റെ കർത്തവ്യങ്ങളെപ്പറ്റിയും അച്ഛന്റെ ശാസനയെപ്പറ്റിയും ഓർമ വന്നപ്പോൾ ഋശ്യശൃംഗന് പരിഭ്രമമായി.

അവന്റെ അസ്വസ്ഥഭാവവും നിഷ്കളങ്കമായ അപേക്ഷയും കണ്ട് വൈശാലി പറഞ്ഞു:

'തിരക്കാണെങ്കിൽ നടന്നോളൂ. നാളെ വരുമോ?'

ഋശ്യശൃംഗൻ സംശയിച്ചു.

വൈശാലി പറഞ്ഞു: വരണം.

ഋശ്യശൃംഗൻ സമ്മതിച്ച് തലകുലുക്കുന്നു. വൈശാലി അവന്റെ ചുണ്ടുകളിൽ പെട്ടെന്ന് ദൃഢമായി ഒന്നു ചുംബിച്ചു.

വൈശാലിയുടെ വശ്യസുന്ദരരൂപം ഋശ്യശൃംഗന്റെ മനസ്സിൽ ചലനങ്ങളുണ്ടാക്കി. അവളുടെ ശബ്ദം കുളിർമഴയായി ഋശ്യശൃംഗനിലേക്ക് പെയ്തിറങ്ങി. അയാളുടെ രാവുകൾ നിദ്രാവിഹീനങ്ങളായി. കണ്ണടച്ചാലും കണ്ണുതുറന്നാലും മുന്നിൽ വൈശാലിയുടെ രൂപം തെളിഞ്ഞുവരുന്നു.

[വൈശാലി]

നോക്കൂ, തന്റെ മാന്ത്രികമായ ഛായക്കൂട്ടുകൾ കൊണ്ട് ഭരതൻ തീർത്ത ഉൾപ്പുളകങ്ങൾ! പെണ്ണുടലിന്റെ അരക്കെട്ടിലെ പൊന്നരഞ്ഞാണം പോലും രതിയുടെ ഉന്മാദത്താൽ വിയർക്കുന്നു! ആൺരതിയുടെ ആത്മഹത്യാമുനമ്പായ പെൺ മുലക്കച്ചക്കു മുകളിലുള്ള വിടവുകളിൽ ഋശ്യശൃംഗൻ വിരൽ കൊണ്ട് തൊട്ടപ്പോൾ വൈശാലിയുടെ ഉടലാകെ കോരിത്തരിച്ചു! ഇത്രയധികം മനോഹരവും വശ്യവും കാവ്യപരിപ്രേക്ഷ്യവും നിറഞ്ഞ പെണ്ണുടൽ അതിനു മുമ്പോ ശേഷമോ മലയാള സിനിമ കണ്ടിട്ടുണ്ടോ?

മുടങ്ങിയ ഋഷികർമങ്ങൾ, പ്രാർഥനകൾ, ഏകാഗ്രത, മന്ത്രോച്ചാരണങ്ങൾ ഋശ്യശൃംഗന്റെ മനസ്സിൽ വൈശാലിയുമൊത്ത് കഴിഞ്ഞ നിമിഷങ്ങൾ മാത്രം. ഹൊ! എല്ലാത്തിനും പകരം വയ്ക്കാൻ മാത്രം പര്യാപ്തമായ രതി!

ഗുരുവായൂർ കേശവനിൽ പ്രണയത്തെ പോലെ സാമൂഹിക പ്രതിബദ്ധമായ വിഷയമില്ല. ഒരു സംവിധായകനെന്ന നിലയിലെ ഭരതന്റെ അനിവാര്യതയായിരുന്നിരിക്കാം ഈ ചിത്രം. ഗുരുവായൂർ കേശവനിലും രതിരംഗങ്ങൾക്ക് കുറവുണ്ടായില്ല. ക്ഷേത്രാചാരവും ആനക്കൊട്ടിലുമെല്ലാം കഴിഞ്ഞുകൂടുന്നവരുടെ ജീവിതത്തോടൊപ്പം കാവ്യ പരിപ്രേക്ഷ്യങ്ങളും തിരശ്ശീലയിൽ ഭരതൻ ചാർത്തി.

രതി തിരശ്ശീലയിൽ ആഖ്യാനം ചെയ്യുന്നതിന് ഭരതന് തന്റേതുമാത്രമായ ഒരു ഭാഷ തന്നെ ഉണ്ടായിരുന്നു. ഭരതൻ ടച്ച് എന്നൊക്കെ അത് വിശേഷിപ്പിക്കപ്പെട്ടു. സദാചാരത്തിന്റെ നേർക്ക് തുറന്നു വച്ച ഈ സൗന്ദര്യക്കണ്ണാടി ഭരതൻ പെണ്ണുടലിനെ ക്യാൻവാസ് ചെയ്യുമ്പോൾ മാത്രം പുറത്തെടുത്തതൊന്നായിരുന്നില്ല. പ്രകൃതിയുടെ സൂക്ഷ്മമായ നോട്ടത്തിലും ഇത് കാണാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പ്രകൃതിയെയും ഭരതൻ ഉടലായിക്കണ്ടു തന്നെയാണ് ചെയ്തത്. പെണ്ണുടലിനെ കണ്ടപ്പോഴും പ്രകൃതിഭംഗിയുടെ ഓരോ സൂക്ഷ്മമായ നിമ്നോന്നതങ്ങളും മാർദവങ്ങളും ആഴങ്ങളും ഒപ്പിയെടുക്കാനുള്ള ആന്തരിക സന്യാസത്വം കൈവരിക്കാൻ ഭരതന് സാധിച്ചു. വൈശാലിയിൽ ഭരതൻ ചാർത്തിയത് പ്രകൃതിയുടെ വന്യവും ആഴവും മദിപ്പിക്കുന്നതും കൊതിപ്പിക്കുന്നതും ത്രസിപ്പിക്കുന്നതുമായ ഉടൽ തന്നെയായിരിക്കണം. വൈശാലിയുടെ ഉടലിനോളം തിളയ്ക്കുന്ന ഉടൽ തന്നെ പ്രകൃതിക്കും!

പ്രകൃതിയുടെ നിറങ്ങൾ ഭരതന്റെ സിനിമകളിൽ

രതി തിരശ്ശീലയിൽ ആഖ്യാനം ചെയ്യുന്നതിന് ഭരതന് തന്റേതുമാത്രമായ ഒരു ഭാഷ തന്നെ ഉണ്ടായിരുന്നു. ഭരതൻ ടച്ച് എന്നൊക്കെ അത് വിശേഷിപ്പിക്കപ്പെട്ടു

ഭംഗിയോടെ തെളിഞ്ഞുകാണുന്ന വേറെയും ചിത്രങ്ങളുണ്ട്. 'അമരം' എന്ന ചിത്രത്തിലെ കടലോരവും താഴ്വാരത്തിലും ചുരത്തിലും പശ്ചാത്തലമായി വരുന്ന മലയോരവും വെങ്കലത്തിലും കേളിയിലും പശ്ചാത്തലമാവുന്ന ഭാരതപ്പുഴയും സുന്ദരമായി ഭരതൻ അവതരിപ്പിച്ചു. പശ്ചാത്തലം തന്നെ ഒരു പ്രധാന കഥാപാത്രമായി വരുന്നു ഇവിടെ. ഇതിവൃത്തത്തെ അതിജീവിക്കാൻ കഴിയുന്ന കലാവൈദഗ്ധ്യം ഭരതന് ഉണ്ടായിരുന്നു.

ഭരതന്റെ സിനിമകളിൽ പത്തെണ്ണെങ്കിലും സാഹിത്യകൃതികളെ അവലംബിച്ച് എടുത്തതാണ്. മൂലകൃതികളെ അനുകല്പനം ചെയ്യുമ്പോൾ അത് പലതും സിനിമയുടെ ഭരതൻ ലോകത്തിലേക്ക് പരകായപ്രവേശം സാധ്യമാക്കിയ പോലെ പുനഃസൃഷ്ടിക്കപ്പെട്ടു എന്ന് തന്നെ പറയണം. സാഹിത്യകൃതിയിൽനിന്ന് പലപ്പോഴും കഥാബീജം കണ്ടെടുക്കുന്ന രീതിയും അദ്ദേഹത്തിന്റെ പല ചിത്രങ്ങളും സാക്ഷ്യം പറയും. സമൂഹം ശ്രദ്ധിക്കാതെ വിട്ടുപോയ ആളുകളുടെ കഥകൾ പറയുന്നതിൽ പ്രത്യേകമായ കഴിവ് ഭരതൻ പ്രകടിപ്പിച്ചിരുന്നു. ഭരതൻ സിനിമകളുടെ പ്രമേയപരമായ പ്രധാന സവിശേഷത ഇതായിരിക്കണം. കടലോര ജീവിതവും മൂശാരിമാരുടെയും ലോറിത്താവളങ്ങളുടെ കഥയും റെയിൽവേയിലെ തൊഴിലാളികളുടെയും സർക്കസ്സുകാരുടെ കഥയും കാളപൂട്ടുമെല്ലാം സിനിമാജീവിത ഭാവനയിൽ ഭരതൻ തന്റേതുമാത്രമാണെന്ന് തന്നെ അവകാശപ്പെടാവുന്ന വിധത്തിൽ തന്നെ ആഖ്യാനവും പരിചരണവും നൽകി വികസിപ്പിക്കുകയാണുണ്ടായത്. എന്തുപറയുന്നു എന്നതല്ല എങ്ങനെ പറയുന്നു എന്നതായിരുന്നു അവിടെ മുഖ്യം. അഭിനേതാക്കളെ തിരഞ്ഞെടുക്കുമ്പോൾ ഭരതൻ താരമൂല്യമല്ല നോക്കിയത്. കഥാപാത്രത്തിന് ഇണങ്ങുന്ന നടീനടന്മാരെ കണ്ടെത്തുകയായിരുന്നു. അച്ചൻകുഞ്ഞ് എന്ന നടനെ പരിചയപ്പെടുത്തിയത് ഭരതനാണ്. പ്രതാപ് പോത്തനെയും ആദ്യമായി അവതരിപ്പിച്ചത് ഭരതനാണ്. നെടുമുടി വേണുവും ഭരത് ഗോപിയും ജനപ്രിയ നടന്മാരായി പേരെടുത്തതും ഭരതന്റെ ചിത്രങ്ങളിലൂടെയാണ്. അതുവരെയുള്ള നായകസങ്കല്പങ്ങളെ ലംഘിക്കാൻ കൊണ്ട് ഭരതൻ കാണിച്ച ആർജ്ജവം ഈ സിനിമകൾ സാക്ഷ്യം പിടിക്കും.

ചാമരം, ചാട്ട, നിദ്ര, പാർവതി, പറങ്കിമല, മർമരം, ഓർമ്മയ്ക്കായി, പാളങ്ങൾ, കാറ്റത്തെ കിളിക്കൂട്, കാതോട് കാതോരം, ഈണം, സന്ധ്യമയങ്ങും നേരം, എന്റെ ഉപാസന, പ്രണാമം, ഒഴിവുകാലം, ചിലമ്പ്, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം, നിലക്കുറിഞ്ഞി പൂത്തപ്പോൾ, വൈശാലി, ഒരു സായാഹ്നത്തിന്റെ സ്വപ്നം ഇടങ്ങിയ ചിത്രങ്ങൾ എൺപതുകളിലെ മലയാള സിനിമയുടെ കലാസമ്പത്തിന്റെ വിലപിടിച്ച നിധികൾ തന്നെയായിത്തീർന്നു. പ്രണയത്തിന് മാറ്റിനിർത്താനാവാത്ത വികാരമായി രതിയെ ആവിഷ്കരിക്കുകയും രതിമൂർച്ഛാനുഭവമായതോ അതിന്റെ മൂർദ്ധന്യം മൃതിതന്നെയാണെന്നും അതിലേക്കുള്ളവഴി മൃതിയാണ് രതി എന്നും പറയാവുന്ന വിധം ഭരതൻ സിനിമയ്ക്ക് രതി പ്രമേയമാക്കി. പ്രണയവും രതിയും കാമവും ക്രൗര്യവും എല്ലാം അടങ്ങുന്ന ജീവിതാവസ്ഥകൾ തിരശ്ശീലയിൽ നിറഞ്ഞാടി. ഈ നായകന്മാർ മിക്കവാറും പേർ സവിശേഷമായ വ്യക്തിപ്രഭാവം വെള്ളിത്തിരയിൽ ചാർത്തി. അച്ചൻകുഞ്ഞിന്റെയും മറ്റും കഥാപാത്രമുഖങ്ങൾ അക്കാലത്തെ മസ്സിലിൻ മ്യൂറൽ രേഖ പോലെ തിയേറ്ററിന്നു വല്ലാതെ പിന്തു പാതക ശബ്ദം മുഴങ്ങു.

പത്മരാജന്റെ എഴുത്തിലെ അനുഭൂതി ലോകം ഭരതന് തന്മയത്വത്തോടെ ആവിഷ്കരിക്കാൻ സാധിച്ചത് ഒരു സംവിധായകൻ എന്ന നിലയിൽ അടിമുടി കലാകാരൻ ആയതു കൊണ്ട് കൂടിയായിരുന്നു. ഒരുപോലെ ചേർന്ന് വിൽക്കാൻ വച്ച സ്വപ്നങ്ങൾ പോലെ അക്കാലത്ത് സിനിമാശാലകളിൽ ഇവരുടെ ഭാവനാ ജീവിതങ്ങൾ മലയാള സിനിമയിലെ സുവർണ്ണ കാലഘട്ടം തീർത്തു. കേവലം സിനിമയ്ക്കു വേണ്ടി സൃഷ്ടിച്ച എന്തും ഫ്രെയിമുകളും എന്ന സമവാക്യത്തെ മറികടക്കാൻ അവയ്ക്ക് സാധിച്ചു. ആഴത്തിലുള്ള അവയിലെ സൗന്ദര്യാത്മക ദർശനവും ജീവിത തത്വചിന്താപരമായ സന്ദർഭങ്ങളും വ്യക്തിസവിശേഷതയും സ്വഭാവനടനവും ഒത്തുചേർന്ന കഥാപാത്രസൃഷ്ടികളും ഒക്കെയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആ സിനിമകളിൽ ജീവിതകാമനകളും പ്രണയവൈവശ്യവും അമർത്തപ്പെട്ട ലൈംഗികതയും ഉടലിന്റെ ആസക്തികളും ജീവിതവസന്തവും കൗമാരവും യൗവനവും വാർധക്യവും ഒക്കെ അടങ്ങുന്ന ഉന്മാദങ്ങളും പ്രതികാരവും ഒക്കെ കഥാപാത്രങ്ങളായി നിറഞ്ഞാടി. പിൽക്കാലത്തെ ഫെസ്റ്റിവൽ ലോകസിനിമകളിൽ കണ്ടുമുട്ടിയ പല കഥാപാത്രങ്ങളും പത്മരാജൻ - ഭരതൻ സിനിമകളിലെ കഥാപാത്രങ്ങളെ കുറെയൊക്കെ ഓർമ്മപ്പെടുത്തിയത് ഈ സിനിമകളിലെ കഥാപാത്രങ്ങളുടെ ആന്തരിക സങ്കീർണതകളും പരിചരണവും അത്ര മികച്ചവയായിരുന്നു എന്നതിന് തെളിവാണ്. ഫ്രോയിഡ്, യുങ് തുടങ്ങിയ ആദ്യകാല മനശ്ശാസ്ത്രജ്ഞന്മാരുടെ ആശയങ്ങൾ വച്ച് നിർധാരണം ചെയ്യപ്പെടുത്താൽ ജനിതൃതികൾക്കിടയിലെ ആദിമാതൃകകൾ ഇത്രയും ആഴത്തിൽ മറ്റൊരു സിനിമാ ശില്പികളും മലയാള സിനിമയിലെ കഥാപാത്ര ജീവിതാവസ്ഥകൾക്ക് മേൽ ഇത്രയ്ക്ക് ഗഹനമായും ആഴത്തിലും കൊത്തിവച്ചിട്ടില്ല തന്നെ!

ഭരതന്റെ സിനിമകളിൽ പത്തെണ്ണെങ്കിലും സാഹിത്യകൃതികളെ അവലംബിച്ച് എടുത്തതാണ്. മൂലകൃതികളെ അനുകല്പനം ചെയ്യുമ്പോൾ അത് പലതും സിനിമയുടെ ഭരതൻ ലോകത്തിലേക്ക് പരകായപ്രവേശം സാധ്യമാക്കിയ പോലെ പുനഃസൃഷ്ടിക്കപ്പെട്ടു എന്ന് തന്നെ പറയണം.

## റഫറൻസ്


(1) രതി നിർവേദം, തിരക്കഥ പത്മരാജൻ, ഡിസി ബുക്ക്സ് കോട്ടയം.

(2) വൈശാലി, തിരക്കഥ എം.ടി. വാസുദേവൻ നായർ, മാളുബെൻ പബ്ലിക്കേഷൻ വിതരണം കേരള ബുക്ക്

(3) പരാമർശിക്കപ്പെട്ട സിനിമകൾ.

(4) സ്വപ്നങ്ങളുടെ വ്യാഖ്യാനം, സിഗ്മണ്ട് ഫ്രോയ്ഡ്, മാതൃഭൂമി ബുക്ക് കോഴിക്കോട്


*(ലേഖകൻ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ സാഹിത്യ പഠന സ്കൂളിലെ അസി. പ്രൊഫസറാണ് - 9447275854)*